**നഗരൂർ, നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന്റെ പരാതി**

**92 (2587)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരൂർ, നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ അവനവൻചേരിയിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ നടപടി പൂർത്തിയായിട്ടുണ്ടോ ;

(ബി) ചിറയിൻകീഴ് താലൂക്കാഫീസിൽ കെ 6-31799/14 ആയി രജിസ്റ്റർ ചെയ്ത പരാതിയിന്മേൽ അടിയന്തരമായി നടപടി പൂർത്തിയാക്കുമോ ?

ഉത്തരം

(എ) നഗരൂർ, നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ അവനവൻചേരിയിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് താലൂക്കിലെ കെ 6/31799/14 നമ്പരായി സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വെ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 27-5-2015-ൽ താലൂക്ക് സർവ്വേയർക്ക് കൈമാറിയിട്ടുണ്ട്. ഈ അപേക്ഷയിന്മേൽ സർവ്വെ നടപടികൾക്കായി 16-6-2015 തീയതി നിശ്ചയിച്ച് നടപടികൾ പുരോഗമിക്കുകയാണെന്ന് താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരാതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്, ചിറയിൻകീഴ് അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ ഇ-സർവ്വെ**

**93 (2588)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഇ-സർവ്വേ നടപടികൾ ഏതൊക്കെ പ്രദേശങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ആരംഭിക്കാനുള്ള പ്രദേശങ്ങളേതാണെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ മധൂർ, പട്ല, ഷിരിബാഗിലു, മഞ്ചേശ്വരം താലൂക്കിലെ പുത്തൂർ, കണ്ണൂരു, കോയിപ്പാടി, ഇച്ചിലാംപെട്ടി, മൊഗറാൾ, കോടിബയൽ, മളിഞ്ച എന്നീ വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ് താലൂക്കിൽ 31 വില്ലേജുകളിലും ഹോസ്ദുർഗ് താലൂക്കിൽ 31 വില്ലേജുകളിലും മഞ്ചേശ്വരം താലൂക്കിൽ 41 വില്ലേജുകളിലും വെള്ളരിക്കുണ്ട് താലൂക്കിൽ 15 വില്ലേജുകളിലും റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**ആധാരത്തിൽ പറഞ്ഞതിലധികം അളവ് ഭൂമി**

**94 (2589)** ശ്രീ. ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യക്തികൾ കൈവശം വച്ചുപോരുന്ന ഭൂമി അവരുടെ ആധാരങ്ങളിൽ പറഞ്ഞതിലധികം അളവ് വരുന്നുണ്ടെങ്കിൽ അധികമുള്ള അളവ് ഭൂമി ആധാരത്തിൽ ചേർക്കുന്നതിനായി നിലവിലുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആധാരത്തിൽ പറഞ്ഞതിലധികം ഭൂമി വ്യക്തികൾ കൈവശംവച്ച് വരുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട വില്ലേജിലെ റീ-സർവ്വേ നടപടികൾ പൂർത്തിയാകുമ്പോൾ അധികമുള്ള വിസ്തീർണ്ണം റവന്യൂരേഖകളിൽ ഉൾപ്പെട്ട് വരുന്നതാണ്. എന്നാൽ നിലവിലുള്ള ആധാരത്തിൽ ടി ഭൂമികൂടി ചേർക്കുന്നതിനുള്ള നടപടികൾ ഈ വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല.

**ലീഗൽ മെട്രോളജിവകുപ്പിന്റെ ശാക്തീകരണം**

**95 (2590)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly